# 057/2025-M

| ചോദ്യ പുസ്തക അക്ഷര കോഡ് | A | ചോദ്യ പുസ്തക ക്രമ നമ്പർ | |
|---|---|---|---|

ചോദ്യങ്ങളുടെ ആകെ എണ്ണം : 100　　　　സമയം : 1 മണിക്കൂർ 30 മിനിട്ട്

പരമാവധി മാർക്ക് : 100

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

## 057/2025-M

Maximum : 100 marks

Time : 1 മണിക്കൂർ 30 മിനിട്ട്

1. മഹാത്മാ ഗാന്ധിയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശരിയായവ കണ്ടെത്തുക
   (i) ഗാന്ധിജിയുടെ രാഷ്ട്രീയ ഗുരു എന്നറിയപെടുന്നതു ഗോപാലകൃഷ്ണ ഗോഖലെ ആണ്.
   (ii) ഇന്ത്യയിൽ ഗാന്ധിജി ആദ്യമായി പങ്കെടുത്ത പൊതുപരിപാടി ബനാറസ് ഹിന്ദു സർവ്വകലാശാലയുടെ ഉദ്ഘാടനം ആയിരുന്നു.
   (iii) ഗാന്ധിജിയുടെ ഇൻഡ്യയിലെ ആദ്യത്തെ പരീക്ഷണ സത്യാഗ്രഹം എന്നറിയപ്പെടുന്നതു ചമ്പാരൻ സത്യാഗ്രഹം ആണ്.
   (iv) ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിൽ മടങ്ങി എത്തിയ വർഷം 1915 ആണ്.

   (A) (i), (ii), (iv)  (B) (i), (iii), (iv)
   (C) (ii), (iii), (iv)  (D) (i), (ii), (iii)

2. ശ്രീ ചട്ടമ്പി സ്വാമികളുടെ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ നിന്ന് ശരിയായവ കണ്ടെത്തുക.
   (i) പ്രാചീനമലയാളം
   (ii) ആദിഭാഷ
   (iii) വേദാധികാര നിരൂപണം
   (iv) ആത്മോപദേശശതകം

   (A) (i), (ii), (iv)  (B) (ii), (iii), (iv)
   (C) (i), (ii), (iii)  (D) (i), (iii), (iv)

3. 1941ലെ കയ്യൂർ ലഹളയുമായി ബന്ധപ്പെട്ട് 1943ൽ കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് തൂക്കിക്കൊന്നവരുടെ പട്ടികയിൽ നിന്ന് ശരിയായവ തിരഞ്ഞെടുത്തെഴുതുക.
   (i) പൊടവര കുഞ്ഞമ്പു നായർ
   (ii) കോയിത്താറ്റിൽ ചിരുകണ്ടൻ
   (iii) ചൂരിക്കാടൻ കൃഷ്ണൻ നായർ
   (iv) പള്ളിക്കൽ അബൂബക്കർ

   (A) (i), (ii), (iv)  (B) (i), (ii), (iii)
   (C) (ii), (iii), (iv)  (D) (i), (iii), (iv)

4. അമേരിക്കൻ ആഭ്യന്തര യുദ്ധവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശരിയായവ കണ്ടെത്തുക.

(i) യുഎസ്എയുടെ പതിനാറാമത് പ്രസിഡന്റായിരുന്നു അബ്രഹാം ലിങ്കൺ.

(ii) 1861 ഏപ്രിലിൽ അമേരിക്കൻ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ടു.

(iii) 1865 ഏപ്രിലിൽ ഔദ്യോഗികമായി യുദ്ധം അവസാനിച്ചു.

(iv) അമേരിക്കൻ ഭരണഘടനയുടെ പതിനാലാം ഭേദഗതി പ്രകാരം അടിമത്വം അവസാനിപ്പിച്ചു.

(A) (i), (ii), (iii) (B) (ii), (iii), (iv)

(C) (i), (iii), (iv) (D) (i), (ii), (iv)

5. 1945 ഒക്ടോബർ 24ന് നിലവിൽ വന്ന ഐക്യരാഷ്ട്ര സംഘടനയുടെ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ നിന്ന് ശരിയായവ തിരഞ്ഞെടുത്തെഴുതുക.

(i) ഭാവി തലമുറയെ യുദ്ധത്തിൽ നിന്ന് രക്ഷിക്കുക

(ii) ദേശീയ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക.

(iii) ലോക ജനതയുടെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തുക.

(iv) മനുഷ്യന്റെ മൗലികാവകാശങ്ങൾ ഉറപ്പുവരുത്തുക.

(A) (i), (ii), (iii) (B) (i), (ii), (iv)

(C) (ii), (iii), (iv) (D) (i), (iii), (iv)

6. പാമ്പൻ പാലവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ശരിയായവ തിരഞ്ഞെടുത്തെഴുതുക.

(i) രാജ്യത്തെ ആദ്യ വെർട്ടിക്കൽ ലിഫ്റ്റ് കടൽ പാലമാണ് പാമ്പൻ പാലം.

(ii) 1961ൽ പഴയ പാമ്പൻ പാലത്തിന്റെ നിർമ്മാണം പൂർത്തിയായി.

(iii) 2025 ഏപ്രിൽ ആറിന് പുതിയ പാമ്പൻ പാലത്തിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിച്ചു.

(iv) പുതിയ പാലത്തിന് സമുദ്രനിരപ്പിൽ നിന്ന് 2.5 മീറ്റർ ഉയരവും 2.08 കിലോമീറ്റർ നീളവും ഉണ്ട്.

(A) (i), (ii), (iii) (B) (ii), (iii), (iv)

(C) (i), (iii), (iv) (D) (i), (ii), (iv)

7. ശരിയായ പ്രസ്താവനകൾ ഏതെല്ലാമെന്ന് കണ്ടെത്തുക.

(i) സിന്ധു നദി - നംചബർവ്വയെ കീറി മുറിച്ച് ആഴമേറിയ താഴ്വരകളിലൂടെ ഒഴുകുന്നു.

(ii) യമുന - ഗംഗയുടെ ഒരു പ്രധാന കൈവഴി, അലഹബാദിൽ വച്ച് കൂടിച്ചേരുന്നു.

(iii) കോസി - ബിഹാറിന്റെ ദു:ഖം എന്നറിയപ്പെടുന്നു.

(iv) ബ്രഹ്മപുത്ര - ടിബറ്റിലെ മാനസസരോവർ തടാകത്തിൽ നിന്ന് ഉത്ഭവിക്കുന്നു.

(A) (i), (ii), (iv)
(B) (ii), (iii), (iv)
(C) (ii) & (iii)
(D) (i) & (iv)

8. ഗൾഫ് സ്ട്രീം എന്ന വേഗതയേറിയ സമുദ്രജലപ്രവാഹം ഏത് സമുദ്രത്തിന്റെ ഭാഗമാണ്?

(A) ഇന്ത്യൻ മഹാസമുദ്രം
(B) അറ്റ്ലാന്റിക് സമുദ്രം
(C) പസഫിക് സമുദ്രം
(D) ആർട്ടിക് സമുദ്രം

9. ഉഷ്ണമേഖലാ ചക്രവാതങ്ങൾ വിവിധ രാജ്യങ്ങളിലെ / സമുദ്ര മേഖലകളിലെ പേരുകൾ നൽകിയിരിക്കുന്നു. ശരിയായ ജോഡി കണ്ടെത്തുക.

(i) ഇന്ത്യൻ മഹാസമുദ്രം - സൈക്ലോൺ

(ii) അറ്റ്ലാന്റിക് സമുദ്രം കരീബിയൻ സമുദ്രം - ഹരിക്കെയ്ൻ

(iii) ചൈനാ കടൽ, പസഫിക്ക് സമുദ്രം - ടൈഫൂൺ

(iv) പശ്ചിമഓസ്ട്രേലിയൻ സമുദ്രം - ടൊർണാഡോ

(A) (i), (ii), (iv)
(B) (ii) & (iii)
(C) (i), (ii) & (iii)
(D) (ii), (iii) & (iv)

10. റോഡ് സാന്ദ്രതയുടെ കാര്യത്തിൽ ഏറ്റവും മുൻപന്തിയിലുള്ള സംസ്ഥാനം

(A) ത്രിപുര
(B) മഹാരാഷ്ട്ര
(C) കേരളം
(D) ആസ്സാം

11. കേരളത്തിലെ ഏറ്റവും ചെറിയ നാഷണൽ പാർക്ക്

(A) പാമ്പാടും ഷോല നാഷണൽ പാർക്ക്
(B) മതി കെട്ടാൻ ഷോല
(C) മുതുമലെ നാഷണൽ പാർക്ക്
(D) ആനമുടി ഷോല നാഷണൽ പാർക്ക്

12. ധരാതലീയ ഭൂപടങ്ങളിൽ അടുത്തടുത്തായി വരക്കുന്ന കോണ്ടൂർ രേഖകൾ എന്തിനെ പ്രധിനിധാനം ചെയ്യുന്നു?

(A) നദീതാഴ്‌വര
(B) കുത്തനെയുള്ള ചരിവ്
(C) സമതലം
(D) നേർത്ത ചരിവ്

13. നികുതി, പൊതുചിലവ് എന്നിവയുമായി ബന്ധപ്പെട്ട് സമ്പദ് വ്യവസ്ഥയിൽ സ്ഥിരത കൈവരിക്കുന്നതിനുള്ള ഗവൺമെന്റ് നയം അറിയപ്പെടുന്നത്

(A) വില നയം
(B) ധന നയം
(C) പണ നയം
(D) വരുമാന നയം

14. ഇറക്കുമതി ചുങ്ക നിരക്ക് കുറച്ചുകൊണ്ടു വരിക എന്ന ലക്ഷ്യം ഏതു പരിഷ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) നികുതി പരിഷ്കാരങ്ങൾ
(B) വിദേശവിനിമയ പരിഷ്കാരങ്ങൾ
(C) വ്യാപാരനിക്ഷേപനയ പരിഷ്കാരങ്ങൾ
(D) വ്യവസായ മേഖലാ പരിഷ്കാരങ്ങൾ

15. ഗ്രാമീണ മേഖലയിലുള്ള എല്ലാ ധനകാര്യപ്രവർത്തനങ്ങളേയും ഏകോപിപ്പിക്കുന്ന ബാങ്ക് ഏത്?

(A) കാനറ ബാങ്ക്
(B) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
(C) ഫെഡറൽ ബാങ്ക്
(D) ദേശീയ കാർഷിക ഗ്രാമീണ വികസന ബാങ്ക്

16. നീതി ആയോഗിന്റെ സാമ്പത്തിക ആരോഗ്യ സൂചിക - 2025 പ്രകാരം മുന്നിൽ നിൽക്കുന്ന സംസ്ഥാനം ഏത്?

(A) ജാർഖണ്ഡ്
(B) ഒഡീഷ
(C) ഛത്തീസ് ഗഢ്
(D) ഗോവ

17. താഴെ കൊടുത്തിരിക്കുന്നവയിൽ ഇന്ത്യൻ പഞ്ചവൽസര പദ്ധതികളുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പ്രസ്താവന ഏത്?

(A) ഒന്നാം പഞ്ചവൽസരപദ്ധതിയുടെ കാലയളവ് 1951-1956 ആണ്.
(B) ഹരിതവിപ്ലവത്തിന് തുടക്കം കുറിച്ചത് മൂന്നാം പഞ്ചവൽസരപദ്ധതി കാലത്താണ്.
(C) ഇൻഡ്യയിൽ റോളിംഗ് പ്ലാൻ നടപ്പിലാക്കിയത് 1968-1970 കാലയളവിലാണ്.
(D) പതിനൊന്നാം പഞ്ചവൽസരപദ്ധതിയുടെ കാലയളവ് 2007-2012 ആണ്.

18. 2025-2026 കേന്ദ്ര ബജറ്റിൽ 'പ്രധാന മന്ത്രി ധൻ ധാന്യ കൃഷി യോജന' പദ്ധതിയിൽ എത്ര കാർഷിക ജില്ലകൾ ഉൾപ്പെടുന്നു?

(A) 100
(B) 150
(C) 200
(D) 50

19. ഇന്ത്യയുടെ ഭരണഘടന തയ്യാറാക്കുന്നതിന് വേണ്ടി രൂപീകരിച്ച ഭരണഘടന നിർമ്മാണ സഭയുടെ ആദ്യത്തെ താൽക്കാലിക പ്രസിഡന്റ് ആരായിരുന്നു?

(A) ഡോ. രാജേന്ദ്രപ്രസാദ്
(B) ഹരേന്ദ്രകുമാർ മുഖർജി
(C) ബി എൻ റാവു
(D) സച്ചിദാനന്ദ സിൻഹ

20. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചില വ്യവസ്ഥകളും ആശയങ്ങളും അവ കടമെടുത്ത രാജ്യങ്ങളുടെ പേരുകളും ചുവടെ തന്നിരിക്കുന്നു. ചേരുംപടി ചേർക്കുക?

| | A | | B |
|---|---|---|---|
| (i) | നിയമനിർമ്മാണ പ്രക്രിയ | (1) | അയർലണ്ട് |
| (ii) | സ്വതന്ത്ര നീതിന്യായ വ്യവസ്ഥ | (2) | കാനഡ |
| (iii) | അർദ്ധ ഫെഡറൽ സമ്പ്രദായം | (3) | അമേരിക്ക |
| (iv) | നിർദ്ദേശക തത്വങ്ങൾ | (4) | ബ്രിട്ടൻ |

(A) (i)-(4) (ii)-(3) (iii)-(1) (iv)-(2)
(B) (i)-(4) (ii)-(2) (iii)-(1) (iv)-(3)
(C) (i)-(4) (ii)-(3) (iii)-(2) (iv)-(1)
(D) (i)-(2) (ii)-(3) (iii)-(4) (iv)-(1)

21. താഴെപ്പറയുന്ന പ്രസ്താവനകളിൽ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന മൗലികാവകാശങ്ങളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന / പ്രസ്താവനകൾ ഏത്?

(i) മൗലിക അവകാശങ്ങൾ എന്ന ആശയം ഫ്രാൻസിന്റെ ഭരണഘടനയിൽ നിന്നാണ് കടമെടുത്തിരിക്കുന്നത്.

(ii) 1978ലെ 44-മത് ഭരണഘടന ഭേദഗതിയിലൂടെ സ്വത്തവകാശം മൗലികാവകാശങ്ങളുടെ പട്ടികയിൽ നിന്നും നീക്കം ചെയ്തു.

(iii) നിലവിൽ ഇന്ത്യൻ ഭരണഘടന ഏഴ് മൗലികാവകാശങ്ങൾ ഉറപ്പു നൽകുന്നു.

(A) (i) മാത്രം
(B) (ii) മാത്രം
(C) (iii) മാത്രം
(D) ഇവയെല്ലാം

22. ഇന്ത്യൻ ഭരണഘടനയിൽ വരുത്തിയ ചില പ്രധാനപ്പെട്ട ഭേദഗതികൾ ചുവടെ തന്നിരിക്കുന്നു. ചേരുംപടി ചേർക്കുക?

| | A | | B |
|---|---|---|---|
| (i) | 42-മത് ഭേദഗതി | (1) | നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം |
| (ii) | 86-മത് ഭേദഗതി | (2) | പഞ്ചായത്ത് രാജ് നിയമഭേദഗതി |
| (iii) | 73-മത് ഭേദഗതി | (3) | കൂറുമാറ്റ നിരോധന നിയമം |
| (iv) | 52-മത് ഭേദഗതി | (4) | ഭരണഘടനയുടെ ആമുഖത്തിൽ സോഷ്യലിസ്റ്റ് സെക്കുലർ എന്നീ ആശയങ്ങൾ ഉൾപ്പെടുത്തി |

(A) (i)-(4) (ii)-(3) (iii)-(1) (iv)-(2)
(B) (i)-(4) (ii)-(1) (iii)-(2) (iv)-(3)
(C) (i)-(4) (ii)-(3) (iii)-(2) (iv)-(1)
(D) (i)-(2) (ii)-(3) (iii)-(4) (iv)-(1)

23. താഴെപ്പറയുന്നവയിൽ ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന രാഷ്ട്രനയത്തെ സംബന്ധിക്കുന്ന നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) സ്ത്രീക്കും പുരുഷനും തുല്യ ജോലിക്കു തുല്യവേതനം
(B) രാജ്യത്തിനു മുഴുവൻ ബാധകമായ, ഏകീകൃതമായ ഒരു സിവിൽ നിയമസംഹിത
(C) ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണം
(D) അയിത്താചാര നിർമ്മാർജ്ജനം

24. താഴെപ്പറയുന്നവയിൽ കേന്ദ്ര കാര്യ നിർവഹണ വിഭാഗവുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന / പ്രസ്താവനകൾ ഏത്?

(i) ഇന്ത്യൻ ഭരണഘടന അനുസരിച്ച് രാഷ്ട്രത്തിന്റെ തലവൻ പ്രസിഡണ്ടും ഗവൺമെന്റിന്റെ തലവൻ പ്രധാനമന്ത്രിയും ആണ്.
(ii) ഇന്ത്യൻ പാർലമെന്റ് പാസാക്കുന്ന എല്ലാ ബില്ലുകളും നിയമമാകുന്നത് പ്രസിഡന്റിന്റെ അംഗീകാരത്തോടുകൂടിയാണ്.
(iii) ഭരണഘടനയുടെ 91മത് ഭേദഗതി അനുസരിച്ച് കേന്ദ്രമന്ത്രി സഭയുടെ പരമാവധി അംഗസംഖ്യ ലോക്സഭയിലെ മൊത്തം അംഗങ്ങളുടെ 20 ശതമാനത്തിൽ കൂടാൻ പാടില്ല.

(A) (i) (ii) മാത്രം
(B) (ii) (iii) മാത്രം
(C) (i) (iii) മാത്രം
(D) ഇവയെല്ലാം

25. താഴെപ്പറയുന്ന ഇനങ്ങളിൽ നിന്നും കൺകറണ്ട് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയം കണ്ടെത്തുക?

(A) ഇൻഷുറൻസ്
(B) വനം
(C) പോലീസ്
(D) കൃഷി

26. ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നാമത് ഭേദഗതി പ്രകാരം ഇന്ത്യയിൽ നടപ്പിലാക്കിയ പഞ്ചായത്തിരാജ് നിയമവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന / പ്രസ്താവനകൾ ഏത്?

(i) സംസ്ഥാനങ്ങളിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ഒരു ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

(ii) സംസ്ഥാനങ്ങളിലെ പ്രാദേശിക ഗവൺമെന്റുകളുടെ ധനസ്ഥിതി പരിശോധിക്കുന്നതിനായി ഓരോ പത്ത് വർഷം കൂടുന്തോറും സംസ്ഥാന ഗവൺമെന്റ് ഒരു സംസ്ഥാന ധനകാര്യ കമ്മീഷനെ നിയമിക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

(iii) പഞ്ചായത്തുകളുടെ അധികാരങ്ങളും ചുമതലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(A) (i) (ii) മാത്രം
(B) (ii) (iii) മാത്രം
(C) (i) (iii) മാത്രം
(D) ഇവയെല്ലാം

27. ഇന്ത്യയിൽ എല്ലാ തെരഞ്ഞെടുപ്പുകളും ഒരുമിച്ച് നടത്തുന്നതിനായി അവതരിപ്പിക്കപ്പെട്ട "ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്" എന്ന ആശയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേന്ദ്രസർക്കാർ നിയോഗിച്ച ഉന്നതല സമിതിയുടെ അധ്യക്ഷൻ ആരാണ്?

(A) ഗ്യാനേഷ് കുമാർ
(B) അമിത് ഷാ
(C) രാംനാഥ് കോവിന്ദ്
(D) ഗുലാം നബി ആസാദ്

28. കേരളത്തിലെ മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലുള്ളവർക്ക്, വിദ്യാഭ്യാസത്തിനും പ്രവേശന/മത്സര പരീക്ഷാ പരിശീലനത്തിനും കേരളസംസ്ഥാന മുന്നാക്കസമുദായ ക്ഷേമ കോർപ്പറേഷന് നൽകുന്ന സ്കോളർഷിപ്പിന്റെ പേരെന്താണ്?

(A) സ്നേഹസ്പർശം
(B) സ്നേഹപൂർവ്വം
(C) വിദ്യാകിരണം
(D) വിദ്യാസമുന്നതി

29. കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ അധ്യക്ഷൻ ആരാണ്?

(A) മുഖ്യമന്ത്രി
(B) തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
(C) ചീഫ് സെക്രട്ടറി
(D) ധനകാര്യവകുപ്പു സെക്രട്ടറി

30. ഇന്ത്യയിൽ നടപ്പിലാക്കിയ പഞ്ചായത്തിരാജ് നിയമവുമായി ബന്ധപ്പെട്ട യോജിക്കുന്ന പ്രസ്താവന / പ്രസ്താവനകൾ കണ്ടെത്തുക?

(i) ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഭരണഘടനയുടെ 73 ഭേദഗതി പഞ്ചായത്തുകളിലെയും 74 ഭേദഗതി മുനിസിപ്പാലിറ്റികളിലെയും പ്രാദേശിക ഗവൺമെന്റുകളെ സംബന്ധിച്ചുള്ളതാണ്.

(ii) ഒരു ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും മുഴുവൻ സമ്മതിദായകരും അതതു വാർഡിന്റെ ഗ്രാമസഭകളിലെ അംഗങ്ങളാണ്.

(iii) കേരള സംസ്ഥാനത്തിൽ പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും എല്ലാ തലങ്ങളിലുമുള്ള മൊത്തം സീറ്റുകളുടെ 50% സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(A) (i) മാത്രം
(B) (ii) (iii) മാത്രം
(C) (i) (iii) മാത്രം
(D) ഇവയെല്ലാം

31. മയക്കുമരുന്നുകളുടെ വിതരണവും ഉപയോഗവും വ്യാപനവും തടയാൻ കേരള സംസ്ഥാന പോലീസ് രൂപം നൽകിയ പദ്ധതിയുടെ പേര് എന്താണ്?

(A) വിമുക്തി
(B) യോദ്ധാവ്
(C) കവചം
(D) പോരാളി

32. വിറ്റാമിൻ Aയുടെ തുടർച്ചയായ അഭാവം കാരണം കാഴ്ച പൂർണ്ണമായും നഷ്ടപ്പെടുന്ന രോഗാവസ്ഥയുടെ പേരെന്ത്?

(A) സീറോഫ്താൽമിയ
(B) ഗ്ലോക്കോമ
(C) അസ്റ്റിഗ്മാറ്റിസം
(D) വർണ്ണാന്ധത

33. സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ എയ്ഡ്സ് ബോധവൽക്കരണം എന്ന ആശയം മുൻനിർത്തി പ്രവർത്തിക്കുന്ന ക്ലബ് ഏത്?

(A) നേച്ചർ ക്ലബ്
(B) സയൻസ് ക്ലബ്
(C) പിങ്ക് റിബൺ ക്ലബ്
(D) റെഡ് റിബൺ ക്ലബ്

34. മനുഷ്യനിലെ അസ്ഥികളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ ചുവടെ നൽകിയിരിക്കുന്നു. അവയിൽ നിന്ന് ശരിയായവ തെരഞ്ഞെടുക്കുക.

(i) പ്രായപൂർത്തിയായ മനുഷ്യ ശരീരത്തിൽ 206 അസ്ഥികളുണ്ട്.

(ii) മനുഷ്യരിൽ 12 ജോഡി വാരിയെല്ലുകൾ ഉണ്ട്.

(iii) മനുഷ്യരിൽ തലയോട്ടിയിൽ മാത്രം 32 അസ്ഥികളുണ്ട്.

(A) (i) & (iii) ശരിയാണ്
(B) (i) & (ii) ശരിയാണ്
(C) (ii) & (iii) ശരിയാണ്
(D) (iii) മാത്രം ശരി

35. അമൃതാദേവി ബിഷ്നോയ് അവാർഡ് ഏത് മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) തണ്ണീർത്തട സംരക്ഷണം
(B) വൈദ്യശാസ്ത്രം
(C) വനസംരക്ഷണം
(D) ബഹിരാകാശ ഗവേഷണം

36. സൗത്താഫ്രിക്കയിൽ നിന്ന് അടുത്ത കാലത്തായി കണ്ടെത്തിയ 'ഹോമോനലേഡി' എന്ന മനുഷ്യപൂർവ്വികന്റെ അവശിഷ്ടങ്ങൾ ലഭ്യമായത് ഏത് ഗുഹയിൽ നിന്നാണ്?

(A) കാർല കേവ്
(B) റൈസിംഗ് സ്റ്റാർ കേവ്
(C) ബോറാ കേവ്
(D) വൈറ്റ് സ്കാർ കേവ്

37. അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് ട്രംപ്, 'വുമൺ വിത്ത് വൈൽഡ് ഹെയർ' എന്ന് വിശേഷിപ്പിച്ചത് ആരെയാണ്?

(A) ഇന്ദിരാഗാന്ധി
(B) കൽപനാ ചൗള
(C) വൻഗാരി മാതായ്
(D) സുനിത വില്ല്യംസ്

38. ദൃശ്യപ്രകാശത്തിന്റെ ആവൃത്തി $f_1$ ഉം മൈക്രോവേവിന്റെ ആവൃത്തി $f_2$ വും $X$ കിരണങ്ങളുടെ ആവൃത്തി $f_3$ യും ആണെങ്കിൽ താഴെ തന്നിരിക്കുന്നതിൽ നിന്നും ശരിയായത് തെരഞ്ഞെടുക്കുക.

(A) $f_3 > f_1 > f_2$
(B) $f_2 > f_3 > f_1$
(C) $f_1 > f_2 > f_3$
(D) $f_1 < f_2 < f_3$

39. ഒരു പ്രൊജക്ടൈലിന്റെ പറക്കൽ സമയം 2 sec ആണ്. അതിന്റെ പരമാവധി ഉയരം കണക്കാക്കുക. ($g = 10\ \mathrm{m/s^2}$)

(A) 10 m
(B) 5 m
(C) 2.5 m
(D) 1.25 m

40. താഴെ പറയുന്ന പ്രസ്താവനകളിൽ ഗുരുത്വാകർഷണം മൂലമുള്ള ത്വരണത്തെ (g) സംബന്ധിച്ച് ശരിയായവ ഏതൊക്കെ?

(i) ഭൗമോപരിതലത്തിൽ നിന്നും മുകളിലേക്കു പോകുന്തോറും 'g' യുടെ മൂല്യം കുറഞ്ഞു വരുന്നു.

(ii) ഭൗമോപരിതലത്തിൽ നിന്നും ആഴത്തിലേക്കു പോകുന്തോറും 'g' യുടെ മൂല്യം കൂടി വരുന്നു.

(iii) ധ്രുവപ്രദേശങ്ങളിലാണ് 'g' യ്ക്ക് ഏറ്റവും ഉയർന്ന മൂല്യം.

(A) മൂന്ന് പ്രസ്താവനകളും ശരിയാണ്
(B) ഒന്നും രണ്ടും പ്രസ്താവനകൾ മാത്രം ശരിയാണ്
(C) ഒന്നും മൂന്നും പ്രസ്താവനകൾ മാത്രം ശരിയാണ്
(D) രണ്ടും മൂന്നും പ്രസ്താവനകൾ മാത്രം ശരിയാണ്

41. ബഹിരാകാശത്തുവച്ച് ഉപഗ്രഹങ്ങളെ കൂട്ടിയോജിപ്പിക്കുന്ന 'സ്പേസ് ഡോക്കിംഗ്' വിജയകരമായി പരീക്ഷിച്ച നാലാമത്തെ രാജ്യമാണ് ഇന്ത്യ. ഏതൊക്കെ ഉപഗ്രഹങ്ങളെയാണ് 'സ്പേസ് ഡോക്കിംഗ്' വഴി ബന്ധിപ്പിച്ചത്?

(A) SDX-01 and SDX-02
(B) SDS-01 and SDS-02
(C) SPX-01 and SPX-02
(D) SPS-01 and SPS-02

42. ചില മൂലകങ്ങളെ ബ്ലോക്ക് അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നും ട്രാൻസ് യുറേനിയം മൂലകത്തെ കണ്ടെത്തുക?

| മൂലകം | ബ്ലോക്ക് |
|---|---|
| ടൈറ്റാനിയം | d |
| ഓസ്മിയം | d |
| തോറിയം | f |
| ഫെർമിയം | f |

(A) തോറിയം
(B) ഓസ്മിയം
(C) ഫെർമിയം
(D) ടൈറ്റാനിയം

43. താഴെ കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ അമോണിയ എന്ന സംയുക്തത്തിനെക്കുറിച്ച് ശരിയായവ കണ്ടെത്തുക?


(i) അമോണിയ തന്മാത്രയ്ക്ക് ത്രികോണീയ പിരമിഡ് ആകൃതിയാണ്.

(ii) രൂക്ഷ ഗന്ധമുള്ള നിറമില്ലാത്ത വാതകമാണ്.

(iii) അമോണിയ വ്യാവസായികമായി ഉൽപാദിപ്പിക്കുന്നത് സമ്പർക്ക പ്രക്രിയ വഴിയാണ്.

(A) Only (ii) and (iii)
(B) Only (i) and (ii)
(C) All of the above (i) (ii) and (iii)
(D) Only (i) and (iii)

44. ചുവടെ കൊടുത്തിരിക്കുന്ന ഗ്രാഫ് ഏത് വാതക നിയമത്തെ പ്രതിനിധാനം ചെയ്യുന്നു?




(A) ബോയിൽ നിയമം
(B) ചാൾസ് നിയമം
(C) ഗെ ലുസ്സാക് നിയമം
(D) അവൊഗാഡ്രോ നിയമം

45. ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ഏത് അലോഹ മൂലകത്തിന്റെ സാന്നിധ്യമാണ് ചാന്ദ്രയാൻ-3 കണ്ടെത്തിയത്?

(A) S
(B) Al
(C) Ti
(D) Ca

46. തൃശൂർപൂരം ആരംഭിച്ച രാജാവ് ആരാണ്?

(A) കോഴിക്കോട് സാമുതിരി
(B) മാർത്താണ്ഡവർമ്മ
(C) ശക്തൻ തമ്പുരാൻ
(D) കേരളവർമ്മ മഹാരാജാവ്

47. താഴെ പറയുന്നവയിൽ 2024ലെ മേജർ ധ്യാൻചന്ദ് ഖേൽരത്ന അവാർഡ് നേടാത്തത് ആര്?

(A) ഗുകേഷ് ഡി
(B) മനുഭാക്കർ
(C) ഹർമൻപ്രീത് സിംഗ്
(D) സുഖ്ജിത് സിംഗ്

48. താഴെ കൊടുത്തിരിക്കുന്നവയിൽ മാർകുര്യാക്കോസ് ഏലിയാസ് ചവറയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതൊക്കെ?

(i) പ്രായംചെന്നവർക്കു വേണ്ടി മധ്യകേരളത്തിൽ അനാഥാലയങ്ങൾ സ്ഥാപിച്ചു.
(ii) സംസ്കൃത വിദ്യാലയം സ്ഥാപിച്ചു.
(iii) വേദാധികാരനിരൂപണം എന്ന ഗ്രന്ഥം രചിച്ചു.

(A) (i), (iii)
(B) (i), (ii)
(C) (ii), (iii)
(D) (i), (ii), (iii)

49. ഇരയിമ്മൻ തമ്പി രചിച്ച ആട്ടക്കഥകൾ താഴെപറയുന്നവയിൽ ഏതാണ്?

(i) കീചകവധം
(ii) ഉത്തരാസ്വയംവരം
(iii) നരകാസുരവധം

(A) (ii), (iii)
(B) (i), (iii)
(C) (i), (ii)
(D) (i), (ii), (iii)

50. നോർവേയുടെ ഉന്നത ബഹുമതിയായ ഹോൾബെർഗ് പുരസ്കാരം നേടിയ ഇന്ത്യക്കാരി ആര്?

(A) ഗായത്രിസ്പിവാക്ക്
(B) രശ്മിസിഹ
(C) ഇന്ദ്ര കെ. നൂയി
(D) ഗാർഗീഘോഷ്

51. 100നും 200നും ഇടയ്ക്ക് 9 കൊണ്ട് ഹരിക്കാൻ സാധിക്കാത്ത സംഖ്യകളുടെ തുക എത്ര?

(A) 13761
(B) 13617
(C) 13716
(D) 13167

52. ഒരു വൃത്തത്തിന്റെ വൃത്ത പരിധിയും (ചുറ്റളവ്) പരപ്പളവ് (വിസ്തീർണ്ണം) ഇവ തുല്യമായാൽ അതിന്റെ വ്യാസം എത്ര?

(A) 2 യൂണിറ്റ്
(B) $\pi$ യൂണിറ്റ്
(C) 4 യൂണിറ്റ്
(D) 7 യൂണിറ്റ്

53. ഒരു ക്ളോക്കിലെ മിനുറ്റ് 5 cm നീളം ഉണ്ട്. രാവിലെ 6.05 മുതൽ രാവിലെ 6.40 വരെ അത് സഞ്ചരിച്ച ഭാഗത്തിന്റെ പരപ്പളവ് എന്ത്?

(A) $45\frac{5}{6}$ $cm^2$
(B) $45\frac{6}{5}$ $cm^2$
(C) $46\frac{5}{6}$ $cm^2$
(D) $46\frac{6}{5}$ $cm^2$

54. തെറ്റായ പ്രസ്താവന ഏത്?

(A) $n$ ഒരു എണ്ണൽ സംഖ്യ ആയാൽ $n^3 - n$ എന്നത് 6 കൊണ്ട് ഹരിക്കാൻ പറ്റുന്നതായിരിക്കും.

(B) $n$ ഒരു എണ്ണൽ സംഖ്യ ആയാൽ $12^n$ ന്റെ ഒറ്റയുടെ സ്ഥാനം ചിലപ്പോൾ പൂജ്യം അല്ലെതിൽ അഞ്ച് വരാവുന്നതാണ്.

(C) $n$ ഒരു ഒറ്റസംഖ്യ ആയാൽ $n^2 - 1$ എന്നതിനെ 8 കൊണ്ട് ഹരിക്കാം.

(D) ഒരു ഒറ്റസംഖ്യയുടെ വർഗം $4M+1$ എന്ന രൂപത്തിൽ എഴുതാം. ($M$ ഒരു എണ്ണൽസംഖ്യ)

55. ശ്രേണി പൂർത്തിയാക്കുക.

BJF, DKH, FMJ, HPL, ........

(A) KMN (B) JIN

(C) KPO (D) JTN

56. 16 cm ചുറ്റളവ് ഉള്ള സമചതുരത്തിന്റെ ഉള്ളിൽ കൊള്ളാവുന്ന വൃത്തത്തിന്റെ പരപ്പളവ് എന്ത്?

(A) 18.23 $cm^2$ (B) 14.92 $cm^2$

(C) 12.56 $cm^2$ (D) 15.86 $cm^2$

57. $86 + 52 = 5, 63 + 72 = 8$ ആയാൽ $83 + 72$ എത്ര?

(A) 9 (B) 10

(C) 11 (D) 12

58. $34 - [20 \div 5 + \{17 - 2 \times 3 + 18 \div 9 - 3\} + 10]$ എത്ര ആയിരിക്കും?

(A) 10 (B) 0

(C) 20 (D) 15

59. $x - \frac{1}{x} = 3;\ x \neq 0$ ആയാൽ $x^4 + \frac{1}{x^4}$ ന്റെ വില എന്ത്?

(A) 123 (B) 129

(C) 114 (D) 119

60. PROGRESSന്റെ കോഡ് OQQSNPFHQSDFRTRT ആയാൽ KITEന്റെ കോഡ് എന്ത്?

(A) JLHJUSDF (B) JLHJSUDF

(C) LJJHUSFD (D) EGHJSUDF

**61.** Identify the segment of the sentence that contains a grammatical error.
It actually / does take place / and the water on this area / is forbidden.

(A) is forbidden
(B) does take place
(C) and the water on this area
(D) It actually

**62.** Select the most appropriate antonym of the word, <u>indefatigable</u>

(A) indolent
(B) unabated
(C) intense
(D) feverish

**63.** Rearrange the parts of the sentence in correct order.
Due to ____________

(P) the tsunami of 2004
(Q) the coastal regions of Tamil Nadu
(R) the lack of an adequate warning system,
(S) devastated a large portion of

(A) PQRS
(B) PRSQ
(C) RSPQ
(D) RPSQ

**64.** Select the correct indirect form of the given sentence.
John said to Teena, "Where were you going?"

(A) John asked Teena where she was going.
(B) John asked Teena where she had been going.
(C) John asked Teena where were she going.
(D) John asked Teena where was she going.

**65.** Choose the correct spelling from the options below.

(A) aquaintance
(B) acquaintence
(C) acquaintance
(D) acquintance

**66.** If she had taken the medicine, she ___________ better.

(A) could feel
(B) would have felt
(C) could have feel
(D) would felt

**67.** Every school and college ___________ a library. The students, along with their friends, ___________ the library.

(A) have, visit
(B) has, visits
(C) has, visit
(D) have, visits

**68.** His wife can't ___________ his terrible behaviour anymore.

(A) put in with
(B) put on
(C) put out
(D) put up with

**69.** Find out the compound word.

(A) whirlwind
(B) blackboard
(C) blacksmith
(D) all of these

**70.** "Have the whip hand" means ___________

(A) to swear falsely
(B) to be in a position to control
(C) to smell unpleasant
(D) to a suspicion

71. ഒറ്റപ്പദമാക്കുക :

സുമിത്രയുടെ പുത്രൻ

(A) സുമിത്രൻ
(B) സൗമിത്രി
(C) സുമത്രർ
(D) സുമിത്രൻ

72. പര്യായപദം :

താഴെ തന്നിരിക്കുന്ന സൂചനകളിൽ നിന്നും 'മാവി'ന്റെ പര്യായപദം എടുത്തെഴുതുക.

(A) പനസം
(B) മാലതി
(C) ചൂതം
(D) നീപം

73. താഴെ തന്നിരിക്കുന്നവയിൽ സ്ത്രീലിംഗ പ്രത്യയം ഏതാണ്?

(A) ത്തി
(B) കൾ
(C) തു
(D) അൻ

74. വിപരീതപദം എഴുതുക :

ഗൗരവം × __________

(A) സഗൗരവം
(B) അഗൗരവം
(C) പിണക്കം
(D) ലാഘവം

75. ജീവതത്തിൽ അപായസാധ്യതകളെ നേരിടാൻ തയാറുള്ളവർ അഭിവൃദ്ധി പ്രാപിക്കും എന്ന അർഥത്തിൽ ഉപയോഗിക്കുന്ന പഴഞ്ചൊല്ല് ഏതാണ്?

(A) അനുഭവമാണ് ഏറ്റവും നല്ല ഗുരുനാഥൻ
(B) ഭാഗ്യം ധീരനെ തുണയ്ക്കുന്നു
(C) സംതൃപ്തിയാണ് നല്ല വേതനം
(D) ധൃതിയിൽ ചെയ്യുന്നത് പാഴായിപ്പോകും

76. ‘കേട്ടു’ എന്ന പദം ശരിയായി പിരിച്ചെഴുതിയാൽ?

(A) കേൾ + തു
(B) കേൾ + ടു
(C) കേൾ + ഇട്ടു
(D) കേ + ഇട്ടു

77. കണ്ണടച്ചിരുട്ടാക്കുക എന്ന ശൈലി താഴെ തന്നിരിക്കുന്നവയിൽ ഏതിനെ സൂചിപ്പിക്കുന്നു?

(A) നോട്ടമിടുക
(B) ആഗ്രഹിക്കുക
(C) സത്യവിരുദ്ധമായി പ്രവർത്തിക്കുക
(D) വ്യാമോഹിക്കുക

78. ‘ആർ’ - ഏത് ബഹുവചന പ്രത്യയമാണ്?

(A) സലിംഗ ബഹുവചനം
(B) അലിംഗ ബഹുവചനം
(C) സാമാന്യലിംഗ ബഹുവചനം
(D) പൂജക ബഹുവചനം

79. തന്നിരിക്കുന്നവയിൽ ‘ഖനനം ചെയ്യുന്നവൻ’ എന്ന അർഥത്തിൽ ഉപയോഗിച്ചിരിക്കുന്ന പദമേത്?

(A) ഖാദകൻ
(B) ഘാതകൻ
(C) ഖനകൻ
(D) ഖാതകൻ

80. ദുഷ്യന്തന്റെ വെള്ളക്കുതിര ഇന്നലെ വേഗം ഓടി. – ഈ വാക്യത്തിലെ ആഖ്യാതം ഏത്?

(A) ഓടി
(B) കുതിര
(C) വേഗം
(D) ദുഷ്യന്തൻ

81. അതീവ സുരക്ഷാ ജയിലിൽ പാർപ്പിക്കേണ്ട തടവുകാർ?

(i) ഭീകരവാദികൾ

(ii) അപകടകാരികളായ തടവുകാർ

(iii) തീവ്രവാദികൾ

(iv) സിവിൽ തടവുകാർ

(A) (i) & (ii)
(B) (i), (ii) & (iii)
(C) (iii) & (iv)
(D) എല്ലാം ശരിയാണ്

82. കേരള പ്രിസൺ ആക്റ്റ്, 2010 പ്രകാരം സംസ്ഥാന സർക്കാർ നൽകുന്ന പരോളുമായി ബന്ധപ്പെട്ട് താഴെ പറയുന്നവയിൽ ശരിയല്ലാത്തത് ഏതാണ്?

(A) വ്യവസ്ഥകൾക്ക് വിധേയമായി ഉചിതമായ കാലാവധിയ്ക്ക് പരോൾ നൽകാം.

(B) ഏതൊരു തടവുകാരനും പരോൾ ലഭിക്കും.

(C) അടുത്ത ബന്ധുവിന്റെ ഗുരുതരമായ രോഗമോ മരണമോ കാരണം പരോൾ നൽകാം.

(D) മറ്റേതെങ്കിലും മതിയായ കാരണമോ സംഗതിയിലോ പരോൾ നൽകാം.

83. തടവുകാരെ, പ്രത്യേകിച്ച് സെൻട്രൽ ജയിലിനകത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിനും വ്യക്തിപരവും കുടുംബ പരവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുന്നതിനും ഒരു കൗൺസിലറായി പ്രവർത്തിക്കേണ്ടത് ആരാണ്?

(A) ജൂനിയർ സൂപ്രണ്ട്
(B) ജയിൽ ഡോക്ടർ
(C) അസിസ്റ്റന്റ് പ്രിസൺ ഓഫീസർ
(D) വെൽഫയർ ഓഫീസർ

84. 2014 – കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങൾ പ്രകാരം തടവുകാരെ അകാലവിടുതൽ ശിപാർശ ചെയ്യുന്ന സമിതിയിൽ അംഗം അല്ലാത്തത് ആരാണ്?

(A) ജയിൽ ഡി.ജി.പി.
(B) പോലീസ് ഡി.ജി.പി.
(C) ജില്ലാ പ്രൊബേഷൻ ഓഫീസർ
(D) ജില്ലാ ജഡ്ജി

85. ചുവടെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏവ എന്ന് തെരഞ്ഞെടുക്കുക.

(i) തുറന്ന ജയിലുകളിൽ വേതനം അന്തേവാസികളായുള്ള തടവുകാർക്ക് കൂടുതലാണ്.

(ii) തടവുകാർ അർജിക്കുന്ന വേതനം മുഴുവനായും കുടുംബത്തിന് അയച്ച് കൊടുക്കാൻ കഴിയും.

(iii) അന്തേവാസികളായുള്ള തടവുകാർക്ക് സാധാരണ അവധിയ്ക്ക് പുറമേ തുറന്ന ജയിലുകളിൽ 15 ദിവസം കുടുംബ അവധിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(A) എല്ലാം ശരിയാണ്
(B) എല്ലാം തെറ്റാണ്
(C) (i)ഉം (iii)ഉം മാത്രം ശരിയാണ്
(D) (i)ഉം (ii)ഉം മാത്രം ശരിയാണ്

86. മനുഷ്യാവകാശ കമ്മീഷന്റെ നേരിട്ടുള്ള അധികാരത്തിൽ വരാത്തത് ഏതാണ്?

(A) ഏതെങ്കിലും ആളെ അറസ്റ്റ് ചെയ്യുന്നതിന്
(B) ഏതെങ്കിലും ആളെ സമൺ ചെയ്യുകയും, ഹാജരാക്കുകയും, വിസ്തരിക്കുകയും ചെയ്യുന്നത്
(C) ഏതെങ്കിലും പ്രമാണം കണ്ടെത്തുവാനും ഹാജരാക്കുവാനും ആവിശ്യപ്പെടുന്നത്
(D) ഏതെങ്കിലും ഓഫീസിൽ നിന്നും ഏതെങ്കിലും പൊതു രേഖയോ പകർപ്പോ ആവിശ്യപ്പെടുന്നത്

87. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളിൽപ്പെടാത്തത് ആരാണ്?

(A) ഒരു ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആയിരുന്ന വ്യക്തി
(B) ഒരു ഹൈക്കോടതിയിൽ ഒരു ജഡ്ജി ആയിരുന്നതോ ആയിരിക്കുന്നതോ ആയ വ്യക്തി
(C) കുറഞ്ഞത് 7 വർഷം ആ സംസ്ഥാനത്തെ ജില്ലാ ജഡ്ജി ആയിരുന്ന ഒരു ജില്ലാ ജഡ്ജി
(D) സുപ്രീം കോടതി ജഡ്ജി ആയിരുന്നതോ ആയ ഒരു വ്യക്തി

88. ആരോപിക്കപ്പെടുന്ന പ്രവർത്തി ചെയ്ത തീയ്യതി മുതൽ എത്ര കാലാവധി കഴിഞ്ഞ ശേഷം ഏതൊരു സംഗതിയിലും മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ വിചാരണ നടത്തുവാൻ പാടുള്ളതല്ല?

(A) 6 മാസം
(B) 2 വർഷം
(C) 1 വർഷം
(D) കാലാവധി ഇല്ല

89. മനുഷ്യാവകാശ കമ്മീഷന്റെ കാര്യക്ഷമമായ നിർവ്വഹണത്തിന് ഏത് റാങ്കിൽ കുറയാത്ത പോലീസ് ഓഫീസറെയാണ് സെക്ഷൻ : 27 പ്രകാരം നിയോഗിക്കേണ്ടത്?

(A) DGP
(B) ADGP
(C) DIG
(D) IG

90. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ചെയർ പേഴ്സന്റെയും അംഗങ്ങളുടെയും നിയമനം ഗവർണർ നടത്തുന്നതിന് ശിപാർശ ചെയ്യേണ്ടുന്ന കമ്മിറ്റിയിൽ അംഗമല്ലാത്ത വ്യക്തി ചുവടെ പറയുന്നതിൽ ആരാണ്?

(A) മുഖ്യമന്ത്രി
(B) പ്രതിപക്ഷ നേതാവ്
(C) നിയമ മന്ത്രി
(D) നിയമ സഭ സ്പീക്കർ

91. വിവരാവകാശ നിയമം 2005 പ്രകാരം ആവിശ്യപ്പെട്ടിട്ടുള്ള വിവരം ഒരു വ്യക്തിയുടെ ജീവനും സ്വാതന്ത്രവും സംബന്ധിച്ചുള്ളതാണെങ്കിൽ, അപേക്ഷ ലഭിച്ച് എത്ര സമയത്തിനുള്ളിൽ മറുപടി നൽകണം?

(A) 24 മണിക്കൂർ
(B) 72 മണിക്കൂർ
(C) 48 മണിക്കൂർ
(D) 50 മണിക്കൂർ

92. ചീഫ് ഇൻഫർമേഷൻ കമ്മീഷണറുടെ നിയമനവുമായി ബന്ധപ്പെട്ട താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ ശരിയായിട്ടുള്ളവ ഏതാണ്?

(i) 5 വർഷം കാലാവധി.
(ii) 65 വയസ്സ് പൂർത്തിയായ ശേഷം സ്ഥാനം വഹിക്കാൻ പാടില്ല.
(iii) പുനർ നിയമത്തിന് അർഹനാണ്.

(A) (i) & (ii)
(B) (i) & (iii)
(C) (ii) & (iii)
(D) (i), (ii) & (iii)

93. വിവരം ലഭിക്കുവാനുള്ള അവകാശം ഇൻഡ്യൻ ഭരണ ഘടനയുടെ എത്രാമത്തെ അനുച്ഛേദം ഉറപ്പ് വരുത്തുന്നു?

(A) 19
(B) 20
(C) 21
(D) 22

94. വിവരാവകാശ നിയമം 2005 പ്രകാരം ഏതെങ്കിലും വിധത്തിൽ വിവരം നൽകുന്നത് തടസ്സപ്പെടുത്തുകയോ ചെയ്തിട്ടുള്ളപ്പോൾ 250 വീതം ഓരോ ദിവസം പിഴ ചുമത്തേണ്ടതും അത്തരത്തിലുള്ള പിഴ സംഖ്യ എത്ര രൂപയിൽ കവിയാൻ പാടില്ലാത്തതുമാകുന്നു?

(A) 15,000
(B) 20,000
(C) 25,000
(D) 30,000

95. വിവരാവകാശ നിയമം 2005 സെക്ഷൻ 8 പ്രകാരം ചുവടെ പറഞ്ഞിരിക്കുന്നതിൽ വിവരം വെളിപ്പെടുത്തന്നതിൽ നിന്നും ഒഴിവാക്കൽ ചെയ്തിട്ടുള്ളത്.

(i) ഭാരതത്തിന്റെ പരമാധികാരത്തെയും അഖണ്ഡതെയും സുരക്ഷിതത്വത്തെയും മറ്റും ഹാനികരമായി ബാധിക്കുന്നവ.
(ii) വിദേശസർക്കാരിൽ നിന്നും ലഭിച്ച രഹസ്യ വിവരം.
(iii) അറസ്റ്റിനെയോ, പ്രൊസിക്യൂഷന്റെ നടപടിക്രമത്തെ തടസ്സപ്പെടുത്തുന്ന വിവരം
(iv) മന്ത്രിസഭയുടെ തീരുമാനങ്ങളും അവയ്ക്കുള്ള കാരണങ്ങളും.

(A) (i) & (ii)
(B) (i), (iii) & (iv)
(C) (i), (ii) & (iii)
(D) എല്ലാം ഒഴിവാക്കിയിരിക്കുന്നു

**96.** മനോവിശ്ലേഷണ സിദ്ധാന്തത്തിൽ സിഗ്മണ്ട് ഫ്രോയിഡ് വ്യക്തിത്വത്തിന്റെ ഘടനാപര മാതൃക രൂപപ്പെടുത്തുന്നത് ഏതൊക്കെ ഘടകങ്ങൾ ഉൾച്ചേർത്താണ്?

(A) ഇദ്, സൂപ്പർ ഈഗോ, ലിബിഡോ

(B) ഈഗോ, ഇദ്, അഡൾട്ട് ഈഗോ

(C) ഇദ്, ഈഗോ, സൂപ്പർ ഈഗോ

(D) ഈഗോ ഐഡിയൽ, ഇദ്, സൂപ്പർ ഈഗോ

**97.** മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിന് ഉപയുക്മാവുന്ന ആരോഗ്യകരമായ മനോസാന്ത്വന രീതിയേത്?

(A) സമ്മർദ്ദത്തെ അതിജീവിക്കാൻ ഉടനടി ഉറങ്ങുന്നത്

(B) സമ്മർദ്ദത്തെ അതിജീവിക്കാൻ ദേഷ്യം പ്രകടിപ്പിക്കുന്നത്

(C) സമ്മർദ്ദത്തെ അതിജീവിക്കാൻ ശ്വസന വിശ്രാന്തി പ്രയോഗിക്കുന്നത്

(D) സമ്മർദ്ദത്തെ അതിജീവിക്കാൻ ലഹരി ഉപയോഗിക്കുന്നത്

**98.** അബ്രഹാം മാസ്ലോവിന്റെ ആവശ്യകതകളുടെ ശ്രേണീ സിദ്ധാന്ത പ്രകാരം ഒരു വ്യക്തിയുടെ പരമാവധി ശേഷികൾ സ്വയം തിരിച്ചറിയുന്നത് ഏത് ഘട്ടത്തിലാണ്?

(A) ആത്മ വിശ്വാസം

(B) ആത്മ സ്നേഹം

(C) ആത്മ സാക്ഷാത്കാരം

(D) ആത്മാന്വേഷണം

**99.** ഉത്കണ്ഠയെ മന:ശാസ്ത്രപരമായി വ്യക്തമാക്കുന്ന ഉത്തരം തെരഞ്ഞെടുക്കുക.

(i) ഭയവും ഉത്കണ്ഠയും ഒന്നു തന്നെയാണ്.

(ii) പുലി ആക്രമിക്കാൻ വരുമ്പോൾ അനുഭവപ്പെടുന്നതാണ് ഭയം.

(iii) ഭാവിയിൽ സംഭവിക്കാവുന്നതായി കരുതുന്ന കാര്യങ്ങളോടുള്ള ആശങ്കയാണ് ഉത്കണ്ഠ

(A) (i), (ii), (iii) ശരിയാണ്

(B) (ii), (iii) മാത്രം ശരിയാണ്

(C) (i), (iii) മാത്രം ശരിയാണ്

(D) (i), (ii) മാത്രം ശരിയാണ്

**100.** ഹോവാർഡ് ഗാർഡ്നറിന്റെ ബഹുമുഖ ബുദ്ധി സിദ്ധാന്തത്തെ അടിസ്ഥാനമാക്കി ആന്തരിക - വൈയക്തിക ബുദ്ധിയുമായി ബന്ധപ്പെട്ട വ്യക്തിഗത സ്വഭാവം ഏതാണ്?

(A) സംഗീതം ആസ്വദിക്കുന്നതിനുള്ള കഴിവ്

(B) ഗണിത ശാസ്ത്ര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള കഴിവ്

(C) സംഘത്തിലെ മറ്റുള്ളവരുടെ മനോവ്യാപാരങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായി പെരുമാറുന്നതിനുള്ള കഴിവ്

(D) സ്വയം ആഴത്തിൽ മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനുമുള്ള കഴിവ്

**SPACE FOR ROUGH WORK**

SPACE FOR ROUGH WORK